ഉത്തരം

(എ) സമ്പൂർണ്ണ ശുചിത്വ പദ്ധതിയിലെ ഒന്നാംഘട്ടം പഞ്ചായത്തുക ളുടെ തെരഞ്ഞെടുപ്പ് പൂർത്തിയായിട്ടില്ല.

(ബി)-(സി) ചോദ്യം ഉദിക്കുന്നില്ല.

34 (430) സാംസ്ക്കാരിക വകുപ്പിന്റെ സഹായധനം

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വകുപ്പ് ഏതെല്ലാം വിഭാഗങ്ങൾക്കാണ് സഹാ യധനം നല്കാറുള്ളത്;

(ബി) അവശകലാകാരന്മാർക്കുള്ള സഹായധനം മാസംതോറും നല്കി വരുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ എന്നുമുതലുള്ള തുക കുടിശ്ശികയായിട്ടുണ്ട്;

(ഡി) കുടിശ്ശിക ഉടനെ കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരി ക്കുമോ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിൽനിന്നും, അവശതയനുഭവിക്കുന്ന കലാകാരന്മാർക്ക് കലാകാരപെൻഷൻ പദ്ധതിപ്രകാരവും, അശരണരും രോഗ ബാധിതരുമായ കലാകാരന്മാർക്ക് അടിയന്തിര ചികിത്സാപദ്ധതിപ്രകാരവും സഹായധനം നല്കുന്നുണ്ട്. കൂടാതെ, അന്തരിച്ച പി.ജെ. ആന്റണിയുടെ വിധവ മേരി ആന്റണിയ്ക്കും ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ വിധവ ശ്രീമതി ശ്രീദേവി ചങ്ങമ്പുഴയ്ക്കും സഹായധനം നല്കിവരുന്നു.

(ബി)-(ഡി) അവശകലാകാരന്മാർക്കുള്ള സഹായധനം മാസംതോറു മാണ് നല്കിവരുന്നത്. എന്നാൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ ഫണ്ടിന്റെ അപര്യാപ്തത കാരണം ഇതിന് സാധിച്ചിട്ടില്ല. 1998 ഡിസംബർ മുതൽ മേയ് 99 വരെയുള്ള പെൻഷൻ കുടിശ്ശിക അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഉത്തരവ് 22.6.99-ൽ അംഗീകരിച്ചു.

35 (431) സാംസ്ക്കാരിക വകുപ്പിന്റെ പ്രവർത്തനങ്ങൾ

ശ്രീ. ബാബു ദിവാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷ റീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്ക്കാരിക വകുപ്പിന്റെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങ ളാണ് നടപ്പുവർഷം നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പുതുതായി ഏതെങ്കിലും സ്ഥാപനങ്ങൾ സാംസ്ക്കാരിക വകു പ്പിന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly